പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 176

28.01.2019 ൽ മറുപടിയ്ക്ക്

(പോലീസ് വകുപ്പിലെ ആശ്രിത നിയമനം)

| | ചോദ്യം<br>ശ്രീ. കെ. എസ്. ശബരിനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 24.05.1999 ലെ GO(P) 12/99/P&ARD ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിന് പൊതുഭരണ വകുപ്പിന്റെ അനുകമ്പാർഹ നിയമന സെല്ലിൽ 2012 മുതൽ ഇതേവരെ ഏതൊക്കെ വകുപ്പുകൾ ക്ലറിക്കൽ തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇതിൽ എത്രപേർക്ക് നിയമനം നൽകി എന്നറിയിക്കുമോ ; | (എ) | 2012 മുതൽ 2019 വരെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ഗതാഗത വകുപ്പ്, റവന്യൂ വകുപ്പ്, ജലസേചന വകുപ്പ്, വ്യാവസായിക പരിശീലന വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, സബോർഡിനേറ്റ് ജുഡീഷ്യറി, സഹകരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, തൊഴിൽ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകളിൽ നിന്നു സി.ഇ.സെല്ലിലേയ്ക്കു വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 28 പേർക്കു നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | സമാശ്വാസ ആശ്രിത തൊഴിൽദാന പദ്ധതിയിൽ പോലീസ് വകുപ്പിൽ 2012 മുതൽ എത്ര പേരെ ക്ലറിക്കൽ തസ്തികയിൽ സൂപ്പർന്യൂമററിയായി നിയമിച്ചിട്ടുണ്ട്. ഇതിൽ എത്ര പേരുടെ നിയമനം റെഗുലറൈസ് ചെയ്തിട്ടുണ്ട് ; | (ബി) | 2012 മുതൽ 548 പേരെ ക്ലറിക്കൽ തസ്തികയിൽ സൂപ്പർ ന്യൂമററിയായി നിയമിച്ചിട്ടുണ്ട്. ഇതിൽ 426 പേരുടെ നിയമനം ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർ ആറ് വർഷമായി വാർഷിക വേതന വർദ്ധന ഇല്ലാതെ അടിസ്ഥാന ശമ്പളത്തിൽ തുടരുമ്പോൾ ഇവർക്ക് ശേഷം അപേക്ഷിച്ചവർക്ക് 22/12/2018 ലെ സ.ഉ.(കൈ)നം.199/2018/ആഭ്യന്തരം, സ.ഉ.(കൈ)നം.200/2018/ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം വിവിധ വകുപ്പുകളിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ക്ലറിക്കൽ തസ്തികയിൽ സ്ഥിര നിയമനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | 2012 മുതൽ സൂപ്പർ ന്യൂമററി ക്ലാർക്കുമാരായി തുടരുന്ന ഇവരുടെ സീനിയോറിറ്റി മറികടന്നു ഇവർക്ക് ശേഷം ആശ്രിത നിയമനത്തിന് അപേക്ഷിച്ചവർക്ക് മറ്റ് വകുപ്പുകളിൽ ക്ലറിക്കൽ തസ്തികയിൽ സ്ഥിര നിയമനം ന | (ഡി) | ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത് അതാത് വകുപ്പുകളിലാണ്. മാതൃവകുപ്പുകളിൽ ഒഴിവുകളുള്ള പക്ഷം അപേക്ഷകരുടെ മുൻഗണനാക്രമത്തിൽ നിയമനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ൽകിയത് സ്വാഭാവിക നീതിയുടെ നിഷേധവും അനീതിയും അവസര നിഷേധവും ആണെന്ന കാര്യം പരിശോധിക്കുമോ ; | | |
| (ഇ) | സൂപ്പർന്യൂമററി ആയി അടിസ്ഥാന ശമ്പളത്തിൽ തുടരുന്ന ഈ ജീവനക്കാർക്ക് സ്ഥിര നിയമനം നൽകുന്നതിനുള്ള ഒഴിവുകൾ പോലീസ് വകുപ്പിൽ ഇല്ലായെന്നത് പരിഗണിച്ച് ഇവരെ അർഹമായ സീനിയോറിറ്റിയും നഷ്ടപ്പെട്ട വാർഷിക വേതന വർദ്ധനവും അടക്കമുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് വിവിധ വകുപ്പുകളിൽ സ്ഥിര നിയമനം നൽകി പുനർവിന്യസിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (ഇ) | 20/06/2019-ലെ സ.ഉ.(പി) നമ്പർ.70/219/ധന ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആശ്രിത നിയമനങ്ങൾ,ഓരോ വർഷവും വകുപ്പിലുണ്ടാകുന്ന ഒഴിവുകളുടെ 5% ൽ കൂടുതലാകരുതെന്ന ബഹു.ഹൈക്കോടതിയുടെ ഉത്തരവുള്ളതിനാൽ ഈ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ വളരെ കുറവാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം ക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

Manoj

സെക്ഷൻ ഓഫീസർ